PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Friday, the 7th October 1955.

Vol. XIV] OFFICIAL REPORT [No. 3

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at Eight of the Clock, on Friday, the 7th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മരച്ചീനി വിലയ്ക്കെടുക്കുന്ന സൊസൈറ്റികൾ.

* 65. [1] ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) സർക്കാരിൽനിന്നും മരച്ചീനി വിലയ്ക്കെടുക്കുന്ന സ്കീമനുസരിച്ച് ഇതിനകം എത്ര സൊസൈറ്റികൾ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട് ; ഓരോ താലൂക്കിലും എത്ര ;

(ബി) ഈ പദ്ധതിയനുസരിച്ച് ഇതിനകം എത്ര ടൺ കപ്പ വിലയ്ക്കെടുത്തിട്ടുണ്ട് ;

(സി) നെടുമങ്ങാട് താലൂക്കിൽ എത്ര സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; എത്ര ടൺ മരച്ചീനി വിലയ്ക്കെടുത്തു കഴിഞ്ഞു ; ഇല്ലെങ്കിൽ കാരണമെന്താണ് ?

ആഭ്യന്തര കാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) പുതുതായി 194 കപ്പ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലുള്ളതിൽ മൂന്നു സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ 197 മരച്ചീനി സഹകരണസംഘങ്ങളുണ്ട്. ഓരോ താലൂക്കിലേയും സംഘങ്ങളുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

Please See Appendix I

(ബി) 9794 ടൺ 3 ഹ. 2 കപാർട്ടർ 27 പൗണ്ട് ഉണക്ക കപ്പ വിലയ്ക്കു വാങ്ങി.

(സി) നെടുമങ്ങാട് താലൂക്കിൽ 14 സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തു. നെടുമങ്ങാട് താലൂക്കിൽ നിന്നും 970 ടൺ 16 ഹ. 9 പൗണ്ട് ഉണക്ക മരച്ചീനി വിലക്കെടുത്തിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നെടുമങ്ങാട് താലൂക്കിനെ സംബന്ധിച്ചിടത്തോളം അവിടെ നിന്നും ശേഖരിക്കേണ്ടതായ ഉണക്കമരച്ചീനിയുടെ കോട്ടാ എന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു സംബന്ധിച്ചുള്ള റിക്കാർഡ് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : മരച്ചീനി സഹകരണ സംഘങ്ങളിൽ കൊള്ളയും അപഹരണവും മറ്റും നടക്കുന്നുണ്ടെന്നു പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ചില പരാതികളും കിട്ടിയിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നെടുമങ്ങാട് താലൂക്കിൽ ഏതാനും സഹകരണ സംഘങ്ങളിൽ ഉൾപ്പെട്ട അംഗങ്ങൾ പ്രവർത്തന തടസ്സം ഉണ്ടാക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പരാതി കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു കഴിഞ്ഞു.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : പരാതിക്കു് അടിസ്ഥാനമായ കാരണമെന്താണെന്നു അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അന്വേഷണം നടത്തിയതിൽ അവിടെയുള്ള ചില വ്യക്തികളെക്കൂടി അംഗങ്ങളായി ചേർക്കാത്തതുകൊണ്ടാണ് കുഴപ്പമുണ്ടാകുന്നതെന്നും അതിനാൽ മൂന്നുപേരെ കൂടി ആ സൊസൈറ്റിയിൽ അംഗങ്ങളായി ചേർക്കണമെന്നു് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നെടുമങ്ങാട് താലൂക്കിൽ ഏതെങ്കിലും സൊസൈറ്റികളിൽനിന്നും അംഗങ്ങളല്ലാത്തവർ കപ്പ വിറ്റു് ലാഭം എടുക്കുന്നു എന്നുള്ളതിലേക്കു് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : മരച്ചീനി സഹകരണ സംഘങ്ങളിൽ കർഷകർ മാത്രമേ അംഗങ്ങളായി ഇരിക്കുവാൻ പാടുള്ളൂ എന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അതനുസരിച്ചു് പ്രവർത്തിക്കുന്നുവെന്നാണു് ഗവണ്മെന്റു വിശ്വസിക്കുന്നതു്. അതിനു വിപരീതമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ നടപടി എടുക്കുവുന്നതാണു്.

SHRI R. SANKARANARAYANAN TAMPI : Sir, on a point of order. The Supplementary question was to know whether there has been any complaint before the Government regarding a particular matter. The answer given is not on that point. I would request the Speaker to instruct the Ministers to give answers to the point.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : നാലുപേരിൽ നിന്നും പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : നേരത്തേ അതു പറഞ്ഞാൽ മതിയായിരുന്നല്ലോ.

ശ്രീ. എം. വി. ചെറിയാൻ : മരച്ചീനി സംഘങ്ങളുടെ പ്രവർത്തനം ഇതേ രീതിയിൽ തന്നെ നടത്തിക്കൊണ്ടു പോകുന്നതുകൊണ്ട് കർഷകർക്ക് വലിയ പ്രയോജനമില്ലെന്നറിയാമോ ;

ശ്രീ. എ. ജെ. ജാൺ : സഹകരണസംഘങ്ങൾ മരച്ചീനി വാങ്ങുന്നതു യഥാർത്ഥ കർഷകരിൽനിന്നു മാത്രമേ പാടുള്ളുവെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് കർഷകർക്ക് പ്രയോജനമില്ലെന്ന് വിചാരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ : കപ്പ വാങ്ങുന്നതും വിൽക്കുന്നതും മാത്രം പോരായെന്നും കപ്പകൃഷിയെ പ്രോത്സാഹിപ്പിക്കയും കപ്പ വിദേശങ്ങളിൽ വിറ്റഴിക്കുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമേ കർഷകർക്ക് പ്രയോജനം ഉണ്ടാകയുള്ളു എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിയാം. അതുകൊണ്ടാണ് ഒരു മരച്ചീനി ബോർഡ് രൂപീകരിച്ചിരിക്കുന്നത്.

ശ്രീ. എം. വി. ചെറിയാൻ : മരച്ചീനിപ്പൊടി വിദേശ വിപണികളിൽ ധാരാളമായി ചിലവുള്ളതുകൊണ്ട് ഗവണ്മെൻറ് എന്തു നടപടികളാണ് അതിലേക്ക് എടുക്കുവാനുദ്ദേശിക്കുന്നതെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : മരച്ചീനിപ്പൊടി വിദേശ വിപണികളിൽ വിറ്റഴിക്കുന്നതിനെപ്പറ്റി മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും മറ്റും വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ചെറിയാൻ : ഒരു കാലത്തു വിപുലമായ തോതിൽ മരച്ചീനിപ്പൊടി വെളിയിൽ അയച്ചിട്ടുള്ളതും ഇപ്പോൾ ആ ഏർപ്പാടു മന്ദഗതിയിലായിത്തീർന്നിരിക്കുകയുമാണെന്നറിയാമോ ;

ശ്രീ. എ. ജെ. ജാൺ : മുൻകാലത്തു മരച്ചീനിമാവു ധാരാളമായി കയറ്റുമതി ചെയ്തുകൊണ്ടിരുന്നു. എന്നാൽ അരിയുടെ ക്ഷാമം വന്നപ്പോൾ ഗവണ്മെൻറ് ആ കയറ്റുമതിയെ നിയന്ത്രിക്കയുണ്ടായി. ഇപ്പോൾ അരി ക്ഷാമം തീർന്നിരിക്കുകയാണ്. അതുകൊണ്ട് അതിലേക്കു വേണ്ട നടപടികൾ എടുത്തുകൊണ്ടും ഇരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ചോദ്യ കത്താവു് ഉന്നയിച്ചിട്ടുള്ള പരാതികൾ എല്ലാം സംഘങ്ങളിൽ നിന്നാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : നാലു സംഘങ്ങളെ സംബന്ധിച്ചാണ് പരാതികൾ ലഭിച്ചിട്ടുള്ളതു്. അതിന്റെ വിശദ വിവരങ്ങൾ വേറൊരു ചോദ്യത്തിന്റെ ഉത്തരത്തിൽ കൂടി വച്ചിട്ടുണ്ട്. ആ ചോദ്യം വരുമ്പോൾ പറയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതായതു ജൂറിസ്ഡിക്ഷനിലുള്ള കപ്പ അതായതു ജൂറിസ്ഡിക്ഷനിലുള്ള സൊസൈറ്റികളിലേക്ക് കൊടുക്കുന്നതു് അതാതു കൃഷിക്കാർ തന്നെ ആയിരിക്കണമെന്നു് നിർബന്ധമില്ലേ ?

ശ്രീ. എ. ജെ. ജാൺ : ഓരോ ജൂറിസ്ഡിക്ഷനിലുള്ള കപ്പ എടുക്കുന്നതു് ആ ജൂറിസ്ഡിക്ഷനിലുള്ള കൃഷിക്കാരിൽനിന്നുമാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നെടുമങ്ങാട് താലൂക്കിൽ പ്രവർത്തനം നടത്തുന്ന ഏതാനും സൊസൈറ്റികൾ ചങ്ങനാശേരിയിലെ വാട്ട കപ്പ എടുക്കുന്നു എന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നെടുമങ്ങാട് താലൂക്കിൽ വാട്ട കപ്പ ഉണ്ടാക്കുന്നില്ലെന്നു് ഇതിനുമുൻപു് ഒരവസരത്തിൽ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : പറഞ്ഞിട്ടുണ്ടായിരിക്കാം. നിശ്ചയമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സൊസൈറ്റികൾ മുഖേനിരം കപ്പ ശേഖരിക്കുകയും വിതരണം ചെയ്കയും ചെയ്തതു മുതൽ മാർക്കറ്റിൽ കപ്പയുടെ വില വർദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : വില വർദ്ധിച്ചിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നെടുമങ്ങാട്താലൂക്കിലെ 3556-ാം നമ്പർ സൊസൈറ്റി വാട്ട കപ്പ സംബന്ധിച്ചു് 25000 രൂപാവരെ കൊള്ളയടിച്ചുവെന്നു് പരാതി കിട്ടിയിട്ടുള്ളതനുസരിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അന്വേഷണം നടത്തുന്നതിനുവേണ്ടി നടപടികൾ എടുത്തിയിക്കുകയാണു്.

ശ്രീ. എൻ. ജി. ചാക്കോ : കപ്പ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്ന കാര്യവുമായി സംബന്ധിച്ചു് വലിയ കാലതാമസം നേരിട്ടിട്ടുള്ളതു കൊണ്ടു് കപ്പകൃഷിക്കാർക്കു് പ്രയോജനത്തിനു പകരം പല വിധത്തിലുള്ള നഷ്ടമാണു് ഉണ്ടായിട്ടുള്ളതെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ നഷ്ടം ഉണ്ടായിട്ടുള്ളതായി അറിവില്ല. സഹകരണ സ്ഥാപനങ്ങൾ നിശ്ചിത സ്ഥലങ്ങളിൽ എത്രയും വേഗം തുറക്കുന്നതിനു സത്വരമായ നടപടികൾ എടുക്കണമെന്നു് കോവാപ്പറേറ്റീവു് രജിസ്ട്രാർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. കെ. എം. ജാർജ്ജു് : സഹകരണസംഘങ്ങളിൽ ഇപ്രകാരം കുഴപ്പങ്ങളുണ്ടാകുന്നതു് ജനവയിലെ അംഗങ്ങളുടെ ഐകൃതയില്ലായ്മകൊണ്ടല്ലേ ?

ശ്രീ. കെ. പി. ഹാർമീസു് : കപ്പ സഹകരണസംഘങ്ങൾ ഏതു കാലത്തേയ്ക്കു് നീണ്ടുനിൽക്കുമെന്നു പറയാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൻ : എത്ര കാലംവരെ ആവശ്യമുണ്ടെന്നു പറയേണ്ടതു് അധികാരികളാണു് തീരുമാനിച്ചിരിക്കുന്ന ബോർഡു് ആണു്.

ശ്രീ. കെ. പി. ഹാർമീസു് : കുന്നത്തുനാടു് താലൂക്കിൽ ചില സൊസൈറ്റികൾക്കു് സമയത്തിനു കോട്ടാ അനുവദിച്ചുകൊടുക്കാത്തതുകൊണ്ടു് മരച്ചീനി ശേഖരിക്കുന്നതിനും വിതരണം നടത്തുന്നതിനും സാധിച്ചില്ല എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൻ : അറിയാം. അതിലേയ്ക്കു് നടപടി എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള : എരുമേലിയിലെ ഒരു സഹകരണസംഘത്തിനു കൊടുത്തതായ 18 ടൺ കപ്പയുടെ വില ആലപ്പുഴ ഡിപ്പോഓഫീസർ ഇടപെട്ടു് അപഹരണം നടത്തിയെന്നു് പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അവയെപ്പറ്റിയെല്ലാം അന്വേഷണം നടത്താതെ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കപ്പവിതരണപ്രസ്ഥാനം നടപ്പിൽവരുത്തിയിട്ടുള്ളതു് യഥാർത്ഥ കപ്പക്കൃഷിക്കാരെ സഹായിക്കാനല്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. ജെ. ജാൻ : യഥാർത്ഥ കപ്പക്കൃഷിക്കാരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനുമാണു് ഈ സ്കീം ഉണ്ടാക്കിയിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കപ്പ ശേഖരിക്കുന്നതിനുള്ള സഹകരണസംഘങ്ങൾ പ്രവർത്തനം തുടങ്ങിയതിനുശേഷം കപ്പയ്ക്കു് വില അല്പം വർദ്ധിച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. എന്തു വിലക്കുറവിലാണു് ഉണ്ടായിട്ടുള്ളതു് എന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൻ : പറയാം. മുൻപു് ചങ്ങനാശ്ശേരിയിൽ ഒരു കണ്ടിക്കു് 20 രൂപാ ഉണ്ടായിരുന്ന വാട്ടകപ്പ സഹകരണപ്രസ്ഥാനം തുടങ്ങിയതിനുശേഷം 35 മുതൽ 40 രൂപ വരെ വിലക്കയറ്റം ഉണ്ടായി. എന്നാൽ ഇപ്പോൾ 30 രൂപ വരെ വിലയുള്ളതായിട്ടാണു് അറിവു്. അതുപോലെതന്നെ 10 രൂപ കണ്ടിക്കു് വിലയുണ്ടായിരുന്ന വെള്ളക്കപ്പ ഇപ്പോൾ 30 മുതൽ 35 രൂപ വരെ വില ആയിട്ടുണ്ടു്.

ഈറയുടെ സീനിയറേജു്.

* 66. [2] ശ്രീ. എൻ. നീലകണ്ഠപ്പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലെ വനങ്ങളിൽനിന്നു 'ഈറ' വർഷംതോറും എത്ര ടൺ വീതം വ്യവസായാവശ്യത്തിനു് വെട്ടിയെടുക്കുന്നുണ്ടു്;

(ബി) ഇതിൽ പുനലൂർ പേപ്പർമില്ലിനു് നൽകുന്നതെത്ര; അതിനുള്ള സീനിയറേജു് നിരക്കെന്താണു്;

(സി) കടൽവ്യവസായത്തിനു് ചില്ലറയായി നൽകുന്നതാകെ എത്ര; അതിനു് ഈടാക്കുന്ന സീനിയറേജു് എന്താണു്;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

[Please see answer to Question No. * 65 (1)]

1.	കൽക്കുളം,	6	14.	വൈക്കം,	5
2.	വിളവംകോട്,	7	15.	മീനച്ചൽ,	7
3.	നെയ്യാറ്റിൻകര,	14	16.	തൊടുപുഴ,	9
4.	തിരുവനന്തപുരം,	6	17.	മൂവാറ്റുപുഴ,	6
5.	നെടുമങ്ങാട്,	14	18.	കുന്നത്തുനാട്,	7
6.	കൊല്ലം,	4	19.	പറവൂർ,	1
7.	കൊട്ടാരക്കര,	9	20.	തൃശ്ശൂർ,	3
8.	പത്തനാപുരം,	8	21.	തലപ്പള്ളി,	5
9.	ചിറയിൻകീഴ്,	6	22.	പത്തനംതിട്ട,	8
10.	മാവേലിക്കര	6	23.	തിരുവല്ല,	15
11.	കുന്നത്തൂർ,	10	24.	പീരുമേട്,	2
12.	ചങ്ങനാശ്ശേരി,	21	25.	മുകുന്ദപുരം,	4
13.	കോട്ടയം,	12	26.	കൊച്ചിൻ കയന്നൂർ	2
					———
				ആകെ..	197

———

LIBRARY ARCHIVES Kerala Legislative Assembly